

skybertech
your technology advisor

Email : mail@skybertech.com
Web : www.skybertech.com
Mob : 9048395555

# ഐടി കൺസൾട്ടൻസിയുടെ ആവശ്യം എന്ത്?

ബിസിനസിന്റെ വിജയം നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഉൾക്കാഴ്ചയോടെയും ലക്ഷ്യബോധത്തോടെയുമുള്ള പ്രവർത്തനം സംരംഭത്തെ മുന്നോട്ട് നയിക്കുമെങ്കിലും, വിവരസാങ്കേതികവിദ്യയുടെ ഉപയോഗം അതിനെ കൂടുതൽ എളുപ്പവും ലളിതവുമാക്കുന്നു. ഇന്നു മിക്ക മേഖലകളും ഐടിയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ പലതും വിജയത്തിലേക്ക് എത്തുന്നില്ല. ഇത് വിവരസാങ്കേതിക വിദ്യയുടെ പോരായ്മകൊണ്ട് സംഭവിക്കുന്നതല്ല. എങ്ങനെയാണ് ഐടി ഉപയോഗപ്പെടുത്തേണ്ടതെന്ന് പലർക്കും അറിയില്ല. ഇത്തരം സാഹചര്യത്തിലാണ് ഒരു സംരംഭത്തിന് കൃത്യമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഐടി കൺസൾട്ടന്റിന്റെ സേവനം ആവശ്യമാവുന്നത്. സംരംഭങ്ങളുടെ വളർച്ചക്ക് വഴി കാട്ടുന്ന കൺസൾട്ടസിയുടെ അഭാവവും, അതുണ്ടാക്കിയ വിടവും തിരിച്ചറി

ഞ്ഞതാണ് സ്കൈബർടെക്ക് എന്ന ഐ ടി കൺസൾട്ടസി തുടങ്ങാൻ പാലക്കാട് സ്വദേശിയായ സുരേഷിന് പ്രചോദനമായത്. 2016 ൽ കൊച്ചിയിൽ രണ്ട് സ്റ്റാഫുകളുമായി തുടങ്ങിയ ഒരു പ്രോപ്രിയേറ്ററി സ്ഥാപനം ഇന്ന് മൂന്ന് വർഷം പിന്നിടുമ്പോൾ 25 ഓളം സ്റ്റാഫുകൾ ഉള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി ഉയർത്തുവാനും സാധിച്ചു. വളരെ കുറഞ്ഞ കാലം കൊണ്ട് കേരളത്തിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് കൂടി ഇവരുടെ സേവനം വ്യാപിച്ചിരിക്കുന്നു. അനേകം സംരംഭങ്ങളുടെ ഉയർച്ചയിലേക്കുള്ള ചിറകാണിന്ന് സ്കൈബർടെക്ക് ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

ഒരു സോഫ്റ്റ് വെയർ ഒരു സ്ഥാപനത്തിൽ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട പല സുപ്രധാന ഘടകങ്ങളും വേണ്ട രീതിയിൽ നടപ്പിലാക്കാത്തതിനാലാണ് പല ഐ ടി പ്രൊജക്റ്റുകളും പരാജയപ്പെടുന്നത്. ഉദാഹരണത്തിന് Master Data, Print Format, Report/ MIS Format തുടങ്ങിയവ ഒരു സോഫ്റ്റ് വെയർ നടപ്പിലാക്കുമ്പോൾ തുടക്കത്തിൽ തന്നെ ഒരു ബിസിനസ് സ്ഥാപനം സോഫ്റ്റ് വെയർ കമ്പനിക്ക് നൽകേണ്ടതാണ്. എന്നാൽ പല പ്രൊജക്റ്റുകളിലും ഇത് ഒരു വീഴ്ചയായി കാണാറുണ്ട്. അതുപോലെത്തന്നെ ഒരു കമ്പനിക്ക് വേണ്ടി ഒരു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമാണ് അതിന്റെ സ്കോപ്പ്സ്റ്റഡിയും ഡീറ്റൈൽഡ് ഡോക്യുമെന്റേഷനും. ഇതും പലപ്പോഴും വേണ്ട രീതിയിൽ നടപ്പിലാക്കാത്തതിന്റെ കുറവ് കാണുന്നുണ്ട്. ഒരു സോഫ്റ്റ് വെയറിന്റെ ആവശ്യങ്ങൾ തീരുമാനിച്ച് ഡെവലപ് ചെയ്തതിന് ശേഷം അതിനെ വളരെ ലാഘവത്തോടുകൂടി മാറ്റങ്ങൾ വരുത്താൻ പറയുന്ന ഒരു പ്രവണത പലയിടങ്ങളിലും കാണാം. ഇതെല്ലാം ഒരു സോഫ്റ്റ് വെയർ ഇമ്പ്ളിമെന്റ്ഷനെ പരാജയപ്പെടുത്തുന്നതിനുള്ള സുപ്രധാന ഘടകങ്ങളാണ് . ബിസിനസ്സ് സ്ഥാപനങ്ങളിലെ അതാത് ഡിപ്പാർട്ട്മന്റുകൾ കൈകാര്യം ചെയ്യുന്ന ഹെഡുകൾ സോഫ്റ്റ് വെയറിനെ പഠിക്കാൻ ശ്രമിക്കാത്തതും അത് ഉപയോഗിക്കാതിരിക്കുന്നതും കാര്യക്ഷമമായ രീതിയിൽ ഒരു സോഫ്റ്റ്വെയർ നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ്.

സോഫ്റ്റ് വെയർ വർക്ക് ഏറ്റെടുത്തിരിക്കുന്ന കമ്പനിയോ, ഇൻഹൗസ് ഉള്ള ഒരു ടീമോ ആയാലും അവർ പാലിക്കേണ്ട കാര്യങ്ങൾ ഒരു സോഫ്റ്റ് വെയർ ഇംപ്ലിമെന്റേഷന്റെ വിജയത്തിന് വളരെ സുപ്രധാനമാണ്. സമയബന്ധിതമായതും ദിവസാടിസ്ഥാനത്തിലുള്ള തുടർനടപടിക്രമങ്ങൾ ഏതൊരു പ്രൊജക്റ്റിന്റെയും വിജയം ഉറപ്പാക്കുന്നു. സ്കൈബർടെക്കിലെ അനുഭവ സമ്പത്തും പ്രവർത്തന പരിചയവുമുള്ള പ്രൊജക്റ്റ് മാനേജേഴ്സ് പ്രൊജക്റ്റ് പ്ലാനും, ടൈം ഷീറ്റും തയ്യാറാക്കുന്നതിലും അത് പദ്ധതി പ്രകാരം നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിലും ആയിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. കൂടാതെ ബിസിനസ് സ്ഥാപനത്തിന്റെയോ സോഫ്റ്റ്വെയർ കമ്പനിയുടെയോ ഭാഗത്തുനിന്നും സംഭവിക്കുന്ന കൃത്യതയിൽ വരുന്ന പാളിച്ചകൾ അതാത് ദിവസം തന്നെ രണ്ട് കമ്പനികളുടെയും മാനേജ്മെന്റിനെ അറിയിക്കുക കൂടി ചെയ്യും. അതാത് സമയത്ത് കാര്യങ്ങൾ നടപ്പിലാക്കുക എന്നതാണ് സ്കൈബർടെക്കിന്റെ ഉത്തരവാദിത്തം. ഐ ടി ഇൻഫ്രാസ്ട്രച്ചറുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് ആയാലും സ്കൈബർടെക്കിന് ഇക്കാര്യങ്ങൾ തന്നെയാണ് ചെയ്യേണ്ടതായി വരുന്നത്.

പല മേഖലയിലുള്ള ബിസിനസ് സ്ഥാപനങ്ങൾക്കും അവരുടെ ബിസിനസ് യോജിച്ച രീതിയിൽ ഐടി വിഭാഗം മെച്ചപ്പെടുത്തുന്നതിന് ഇതിനോടകം സ്കൈബർടെക്കിന് സാധിച്ചിട്ടുണ്ട്.

## വളർച്ചയുടെ സ്കൈബർടെക് നാളുകൾ

സ്വകാര്യജീവിതത്തിലും പ്രൊഫഷണൽ ജീവിതത്തിലും തുടർന്നു പോന്ന ഉത്തരവാദിത്തത്തോടുകൂടിയുള്ള പ്രവർത്തനമാണ് മികച്ച സംരംഭകനാക്കി സുരേഷിനെ വളർത്തിയത്. സ്കൈബർടെക് ആരംഭിക്കുന്നതിന് മുൻപ് തന്നെ സുരേഷ് ഐടി മേഖലയിൽ കഴിവ് തെളിയിച്ചിരുന്നു. 20 വർഷത്തിലധികം കാലം ഐ ടി മേഖലയിൽ ഐ ടി മാനേജർ, ഐ ടി ഹെഡ്, ചീഫ് ഇൻഫർമേഷൻ ഓഫീസർ എന്നീനിലകളിൽ പ്രവർത്തിച്ചിരുന്നു. അക്കാലത്ത് പല ആളുകളും ഐടി സംബന്ധമായ നിരവധി പ്രശ്നങ്ങൾ പറയുകയും അഭിപ്രായങ്ങൾ ചോദിക്കുകയും ചെയ്തിരുന്നു. ബിസിനസ് രംഗത്ത് ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ ഒരു കൺസൾട്ടൻസി സർവീസിന് സാധ്യതയുണ്ടന്ന് മനസിലാക്കിയത് ഈ കാലയളവിലാണ്. ഐടി കൺസൾട്ടൻസി ഒരു സർവീസസായി ആരംഭിക്കുകയാണെങ്കിൽ നിരവധി പേർക്ക് ഉപകാരപ്പെടുമെന്ന ചിന്ത ഒരു സംരംഭമായി തുടങ്ങാനുള്ള പ്രേരണ നൽകി. കേരളത്തിൽ വൻകിട കമ്പനികളായ ചെമ്മണ്ണൂർ, മരിക്കാർ, മുത്തൂറ്റ്, ഹൈകോൺ തുടങ്ങിയ സ്ഥാപനങ്ങളുടെയെല്ലാം ഐ ടി ഡിപ്പാർട്ട്മെന്റ് തലവനായി സേവനം അനുഷ്ഠിച്ച സുരേഷിനെ ഇവയിൽ മിക്ക സ്ഥാപനങ്ങളും അവരുടെ ഐ ടി കൺസൾട്ടന്റായി നിയമിച്ചത് ഒരു സ്ഥാപനം കെട്ടിപ്പടുക്കുവാൻ സുരേഷിനെ സഹായിച്ചു. കൂടാതെ സുഹൃത്തും പഴേരി ഗ്രൂപ്പിന്റെ ഉടമയുമായ അബ്ദുൽ കരീമിന്റെ നിരന്തരമായ പിന്തുണയും പ്രേരണമായി. തുടർന്നുള്ള യാത്രയിൽ വികെസി, മൈജി, മാക്സ് വാല്യൂ, ഐ സി എൽ ഫിൻകോർപ്പ്, ജോസ് ആലുക്കാസ്, ലുക്കർ എൽ ഇ ഡി, വിസ്മയ്, പോപ്പീസ്, സീതാറാം ആയുർവേദ തുടങ്ങിയ 70 ഓളം പ്രമുഖ ബ്രാൻഡുകളുടെ കൺസൾട്ടേഷൻ സ്ഥാപനമായി സ്കൈബർടെക് മാറി. അനുഭവവും പരിചയവും സൗഹൃദവും കൂടികലർന്നാണ് സ്കൈബർടെക് എന്ന സംരംഭം ഉയർന്നുവന്നിരിക്കുന്നത്. ഇന്ന് കേരള മാർക്കറ്റിൽ മറ്റാരും തിരഞ്ഞെടുക്കാത്തൊരു മേഖലയാണിത്. നൂതന ആശയമെന്ന നിലയിൽ യുനീക്ക് ഐഡന്റിറ്റിയാണ് സ്കൈബർടെക്കിനുള്ളത്.

ഐ ടി മേഖലയിൽ നൽകിയ സംഭാവനകളെ കണക്കിലെടുത്തു ദേശിയ നിലവാരത്തിലുള്ള 7 ഓളം പ്രശസ്തമായ അവാർഡുകൾക്ക് അർഹനാകുവാനും സുരേഷിന് ഇതിനോടകം സാധിച്ചിട്ടുണ്ട് .

## പ്രവർത്തനം ഇങ്ങനെ

കമ്പനിയുടെ വളർച്ചക്കായി ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ സിസ്റ്റത്തെയും കാര്യക്ഷമമായും വ്യവസ്ഥാപിതമായും കൊണ്ടുവരാൻ സാങ്കേതികത ആവശ്യമാണ്. പ്രധാനമായും ബിസിനസിന്റെ പ്രവർത്തനത്തെ എളുപ്പമാക്കാൻ ഐടി മേഖലയിൽ ആവശ്യമായ ഉപദേശങ്ങൾ നൽകുക എന്ന കർത്തവ്യമാണ് സ്കൈബർടെക്ക് നിർവഹിക്കുന്നത്. ഒരു ബിസിനസ് സ്ഥാപനം നടത്തുന്ന വ്യക്തിക്ക് അവരുടെ ഐ ടി വിഭാഗത്തിന് വേണ്ട നിർദേശങ്ങൾ നൽകാനോ അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്താനോ ഐ ടി യുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്കും തീരുമാനം എടുക്കാനോ ബുദ്ധിമുട്ടുള്ള കാര്യമാണ്. അവരുടെ മാത്രം അറിവ് വച്ച് ഇആർപി, സോഫ്റ്റ് വെയർ, ഇകൊമേഴ്സ്, ഐടി സെക്യൂരിറ്റി എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ സാധിക്കില്ല. ഐ ടി മേഖലയിൽ ഏറെ നാളത്തെ പ്രവർത്തനപരിചയവും അറിവുമുള്ള ഒരാളുടെ സേവനവും ബിസിനസിന്റെ വളർച്ചക്ക് ആവശ്യമാണ്. എന്നാൽ കൂടുതൽ പ്രവർത്തനപരിചയമുള്ള ആളുകളെ ലഭിക്കുകയെന്നത് പ്രയാസകരവും. ലഭിച്ചെങ്കിൽ തന്നെ അവരുടെ ശമ്പളം പല കമ്പനികൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തതുമാണ് . അതിപ്രധാനമായ ഈയൊരു വിടവ് നികത്തിക്കൊണ്ടാണ് ഇന്ന് സ്കൈബർ ടെക് ഐടി കൺസൾട്ടൻസി പ്രവർത്തിക്കുന്നത്.

## പ്രശ്നപരിഹാരത്തിനായി കമ്പനിക്കൊപ്പം

ഒരു സംരംഭത്തെക്കുറിച്ച് പഠിച്ച് ഐടിയിൽ എന്തെല്ലാം കാര്യങ്ങൾ അവിടെ ചെയ്യാനുണ്ടെന്ന് മനസ്സിലാക്കി മാനേജ്മെന്റിന് ഉപദേശങ്ങൾ നൽകുകയാണ് സ്കൈബർടെക്ക് ചെയ്യുന്നത്. നിരവധി പ്രശ്നങ്ങൾ ക്രമാനുഗതമായ ഒരു സംരംഭത്തിന്റെ പ്രവർത്തനത്തിന് പ്രതിബന്ധം

സൃഷ്ടിക്കുന്നുണ്ട്. ആദ്യം നിലവിലെ പ്രവർത്തനത്തിൽ എന്തെല്ലാം പോരായ്മകളാണ് ഉള്ളതെന്നും, അത് മറികടക്കാൻ ഏതെല്ലാം പ്രോഗ്രാമുകളാണ് നടപ്പിൽ വരുത്തേണ്ടതെന്നും കണ്ടെത്തും. ഇത് സംരംഭകർക്ക് മനസ്സിലാക്കിക്കൊടുക്കും. കംബ്യൂട്ടർ സ്ലോ, നെറ്റ് വർക്ക് പ്രശ്നങ്ങൾ തുടങ്ങിയ പരാതികൾക്കെല്ലാം കൃത്യമായ മാർഗ്ഗനിർദേശം നൽകും. കൂടാതെ പരാതികൾ കേട്ട് മാർക്കറ്റിൽ നല്ല പ്രൊഡക്റ്റ് ഏതാണെന്ന് മനസ്സിലാക്കി കമ്പനിക്ക് അനുയോജ്യമായത് അവയിൽ ഏതെന്ന് കണ്ടെത്തും. സ്കൈബർടെക് ഒരു പ്രൊഡക്റ്റും വിൽക്കുന്നില്ല. ഒരു കമ്പനിയുമായും പാർട്നറിങ്ങും ചെയ്യുന്നില്ല. അതത് കമ്പനിക്ക് വേണ്ട പ്രൊജക്ട് മാനേജ്മെന്റും ഗൈഡ്ലൈനും നൽകുക മാത്രമാണ് ചെയ്യുന്നത്. പുതിയ ടെക്നോളജികൾ കമ്പനികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യും. പ്രശ്നം പരിഹാരം കാണുന്നതുവരെ ഓരോ കമ്പനിക്കുമൊപ്പം നിന്ന് പ്രവർത്തിക്കും.

## കമ്പനികളും വെല്ലുവിളികളും

ഒരു സോഫ്റ്റ്‌വെയർ നടപ്പിലാക്കുമ്പോൾ ആ സ്ഥാപനത്തിൽ ഉള്ളവർക്കാണ് പ്രധാന റോൾ. സോഫ്റ്റ്‌വെയറിൽ ഏതെല്ലാം ഫീച്ചേഴ്സാണ് വേണ്ടത്, അത് ഏതെല്ലാം രീതിയിലാണ് ഇംപ്ലിമെന്റ് ചെയ്യേണ്ടത് എന്നെല്ലാം തീരുമാനിക്കേണ്ടത് കമ്പനിയാണ്. അവരുടെ കുറച്ചു മാസത്തെ അധ്വാനം സോഫ്റ്റ് വെയർ ഇംപ്ലിമെന്റേഷനിൽ ആവശ്യമാണ്. എന്നാൽ അവിടെ വരുന്ന പാളിച്ച മിക്ക സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനത്തെയും ബാധിക്കുന്നു. കൃത്യമായൊരു ടീം സോഫ്റ്റ് വെയർ ഇംപ്ലിമെന്റേഷനുവേണ്ടി മാറ്റിവക്കാൻ സാധിക്കുന്നില്ലെങ്കിൽ ആ പ്രൊജക്റ്റിന്റെ വിജയസാധ്യത സംശയമാണ്.

ഓരോ കമ്പനിയിലെയും മാൻ പവറിനെ കുറയ്ക്കുന്ന സാങ്കേതികതയുടെ സാധ്യതകൾ ഏതൊക്കെയാണെന്ന് തിരിച്ചറിയാൻ പലപ്പഴും സംരംഭകർക്ക് കഴിയാറില്ല. മാത്രമല്ല 25% പോലും ഐടി സെക്യൂരിറ്റി ഇല്ലാതെയാണ് മിക്ക കമ്പനികളും പ്രവർത്തിക്കുന്നത്. സോഫ്റ്റ് വെയർ ഉണ്ടായത് കൊണ്ടോ ഇൻഫ്രാസ്ട്രച്ചർ ഉണ്ടായത് കൊണ്ടോ ഐടി സെക്യൂരിറ്റി പൂർണ്ണമാകുന്നില്ല. ഇത്തരം സന്ദർഭങ്ങളിലും കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകി സ്കൈബർ ടെക്ക് സംരംഭകർക്കൊപ്പം നിൽക്കുന്നു.

## സ്കൈബർ ടെക്കിലെ ത്രീ ലെയർ സപ്പോർട്ട്

25 സ്റ്റാഫുകൾ നിലവിൽ സ്കൈബർ ടെക്കിൽ ജോലി ചെയ്യുന്നുണ്ട്. ഓരോ കമ്പനിയുടെയും വർക്കുകളെ ഒരു പ്രൊജക്ട് ആയാണ് സ്കൈബർ ടെക് വിലയിരുത്തുന്നത്. മൂന്നു ലെയറുകളായാണ് വർക്കിനെ തരം തിരിച്ചിരിക്കുന്നത്. ആദ്യത്തേതിൽ കൺസൾട്ടന്റ് നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നുണ്ടോ എന്നറിയാൻ വേണ്ടി പ്രൊജക്ട് ലീഡേഴ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രവർത്തനമാണ്. പ്രൊജക്ടുകൾ മാനേജ് ചെയ്യുന്നതിനായി പ്രൊജക്ട് മാനേജരെയും നിയമിച്ചിട്ടുണ്ട്. ഓരോ പ്രൊജക്ടുകളും മാനേജ് ചെയ്യുന്നത് അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരായിരിക്കും. അതിനായി നിലവിൽ ഒരു ടീം വരെ സജ്ജമാക്കിയിട്ടുണ്ടിവിടെ. കൺസൾട്ടേഷന് പുറമേ സ്കൈബർ ടെക് നൽകുന്ന അധീഷണൽ സേവനമാണ് പ്രൊജക്റ്റ് മാനേജ്മെന്റ്.

## ദി റിയൽ പബ്ലിസിറ്റി

ഇന്ന് 70ഓളം കമ്പനികൾക്ക് സ്കൈബർ ടെക് സേവനം നൽകുന്നുണ്ട്. വളരെ കുറഞ്ഞ കാലം കൊണ്ട് ഉയർച്ചയിലേക്ക് സ്കൈബർ ടെക് വളർന്നത് അവർ നൽകുന്ന മികച്ച സേവനം കൊണ്ട് മാത്രമാണ്. മൗത്ത് പബ്ലിസിറ്റിയിലൂടെയാണ് കമ്പനി വളർന്നു വന്നത്. സ്കൈബർ ടെക്കിന്റെ ക്ലൈൻസ് തന്നെയാണ് മറ്റ് സ്ഥാപനങ്ങൾക്ക് ഈ കമ്പനിയെ റെഫറൻസ് ചെയ്തുകൊടുക്കുന്നത്. 100 ശതമാനം സന്തുഷ്ടരായ ഉപയോക്താക്കൾ ഇന്ന് സ്കൈബർ ടെക്കിനുണ്ട്. പ്രതീക്ഷിക്കുന്നതിൽ കൂടുതൽ കൊടുക്കാൻ സ്കൈബർ ടെക്കിന് കഴിഞ്ഞു എന്നുള്ളത് തന്നെയാണ് അതിന് കാരണം. ഏതൊരു സംരംഭത്തിന്റെയും വളർച്ചയിൽ ഒഴിച്ചുകൂടാനാകാത്ത ഘടകമായി വിവരസാങ്കേതിക വിദ്യ മാറിയതോടെ സ്കൈബർ ടെക്കിന്റെ വ്യാപ്തിയും വർദ്ധിച്ചിരിക്കുന്നു. കൊച്ചിയിലെ ഓഫീസ് കൂടാതെ തൃശ്ശൂരിലും സ്കൈബർ ടെക്കിന്റെ ഓഫീസ് പ്രവർത്തിക്കുന്നു. വിദേശരാജ്യങ്ങളായ കെനിയ, ദുബായ് എന്നിവിടങ്ങളിലേക്കും സ്കൈബർ ടെക്ക് ഐടി ഉപദേശം നൽകുന്നുണ്ട്. 2020 ആകുമ്പോഴേക്കും കൂടുതൽ കൺസൾട്ടൻസിന്റെ സേവനം ലഭ്യമാക്കുന്ന രീതിയിലേക്ക് സ്കൈബർ ടെക്കിനെ മാറ്റണമെന്നാണ് സുരേഷിന്റെ തീരുമാനം. കൂടാതെ 70 കമ്പനികളിൽ നിന്ന് 100 കമ്പനികൾക്ക് സേവനം നൽകുന്ന തലത്തിലേക്ക് വളരുകയെന്നതും ലക്ഷ്യമാണ്.

## Virtual - CIO

ഐടി മേഖലയിലെ വിർച്ച്വൽ ചീഫ് ഇൻഫർമേഷൻ ഓഫീസർ (Virtual - CIO) എന്ന ആശയം കേരളത്തിൽ അവതരിപ്പിക്കുന്നത് സുരേഷാണ്. കമ്പനികളിൽ ഒരു ഫുൾടൈം ചീഫ് ഇൻഫർമേഷൻ ഓഫീസറെ നിയമിക്കുന്നതിന് പകരം പാർട്ടൈം സിഐഒ യെ നിയമിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. സംരംഭകരുടെ ആവശ്യാനുസരണം സി ഐ ഒ യുടെ സേവനം എപ്പോൾ വേണമെങ്കിലും ലഭ്യമാക്കാം. സ്ഥിരമായി ഒരു ചീഫ് ഇൻഫർമേഷൻ ഓഫീസറെ നിയമിക്കുമ്പോൾ വരുന്ന ചെലവ് ഇതിലൂടെ കുറക്കുന്നതിന് സാധിക്കും.

## ഐ ടി ബഡ്ജക്റ്റ്

ഒരു ബിസിനസ് സ്ഥാപനം ഐടിക്കു വേണ്ടി ചിലവാക്കുന്ന തുകയെക്കുറിച്ച് കൃത്യമായ ഒരു ഐടി ബഡ്ജക്റ്റ് തയ്യാറാക്കുന്നതും അതുപ്രകാരം ചിലവുകൾ നിയന്ത്രിക്കുന്നതും സംരംഭകന് വ്യക്തത നൽകാൻ സഹായിക്കും. ഇവിടെയും സ്കൈബർടെക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## ഐ ടി സെക്യൂരിറ്റി

പല സംരംഭകർക്കും അവരുടെ ഐടി സിസ്റ്റത്തിൽ ഉള്ള സെക്യൂരിറ്റി കുറവുകൾ കൃത്യമായി അറിയാത്തതിനാൽ പല രീതിയിലുള്ള നഷ്ടങ്ങൾക്കും കാരണമാകാറുണ്ട്. ഏതെല്ലാം രീതിയിൽ ഡാറ്റ നഷ്ടപ്പെടുന്നുണ്ടെന്നും ഐടി സിസ്റ്റം എത്രത്തോളം സുരക്ഷിതമാണെന്നും ഏതെല്ലാം കാര്യങ്ങൾ (പാസ്‌വേർഡ്, ലോഗിൻ ഡീറ്റെയിൽസ്, കസ്റ്റമർ ഐ ഡി ) ഒരു സംരംഭകൻ കൈവശം വക്കണം തുടങ്ങിയ കാര്യങ്ങളിലെല്ലാം സ്കൈബർടെക് വേണ്ട ഉപദേശങ്ങൾ നൽകുന്നുണ്ട്.

## ഐ ടി ഓഡിറ്റ്

നിലവിൽ ഐടി ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് ചെയ്യുക എന്നൊരു പ്രവണത നമ്മുടെ ഇടയിൽ വളരെ കുറവാണ്. കാര്യക്ഷമമായി വർഷത്തിലൊരിക്കലെങ്കിലും നടത്തുന്ന ഐ ടി ഓഡിറ്റ് ഒരു ബിസിനസ്സ് സ്ഥാപനത്തിന് അതിന്റെ കുറവുകളെക്കുറിച്ച് മനസ്സിലാക്കാൻ വളരെയധികം സഹായിക്കും.

## ഐ ടി പോളിസി

മിക്ക സ്ഥാപനങ്ങളിലും കൃത്യമായി ഡോക്യുമെന്റ് ചെയ്ത ഒരു ഐടി പോളിസിയുടെ കുറവ് കാണാറുണ്ട്. ഇത് സ്ഥാപനത്തിൽ പാലിക്കേണ്ട ഐടി നിയമങ്ങളെക്കുറിച്ച് ജീവനക്കാർക്ക് ഒരു ധാരണ ഉണ്ടാക്കാൻ വളരെ അത്യാവശ്യമാണ്. സുരേഷാണ് ഈ സംരംഭം ആരംഭിച്ചതെങ്കിലും ഇന്നത് നിരവധി പേരുടെ കൂട്ടായ്മയായി മാറിക്കഴിഞ്ഞു. ഐടിയുടെ വിവിധ മേഖലകളിൽ വൈദഗ്ദ്യം തെളിയിച്ച അനുഭവസമ്പത്തുള്ളവർ ചേർന്നാണ് ഇന്ന് പ്രവർത്തിക്കുന്നത്.